"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീമതി ബിനിത എസ്.(PEN: 336207) കൈക്കൂലി ആവശ്യപ്പെട്ടതായുള്ള കുറ്റാരോപണം- VC 08/2022/MPM വിജിലൻസ് കേസ്- കുറ്റാരോപിതയ്ക്കെതിരെയുള്ള അച്ചടക്കനടപടി- 1960ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരമുള്ള ഔപചാരിക അന്വേഷണം- അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2844/2025/LSGD തീയതി,തിരുവനന്തപുരം, 19-11-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06.08.2022-ലെ C5-(VC-8/2022/MPM)26602/2022/DVACB നമ്പർ കത്തും അനുബന്ധ റിപ്പോർട്ടും
2. ചീഫ് എഞ്ചിനീയറുടെ 23.07.2022-ലെ E11/10258/22/CE/LID&EW നമ്പർ നടപടിക്രമം
3. ചീഫ് എഞ്ചിനീയറുടെ 26.11.2022-ലെ E11/10258/22/CE/LID&EW നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
4. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ബിനിത എസ്. 07.12.2022 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക
5. സ.ഉ.(കൈ)നം.218/ 2023/LSGD തീയതി 22.12.2023

**ഉത്തരവ്**

മലപ്പുറം മുതുവല്ലൂർ വെറ്റിനറി ആശുപത്രിയുടെ ചുറ്റമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള ബിൽ തുക പാസാക്കി നൽകുന്നതിലേക്ക് കൈക്കൂലി ആവശ്യപ്പെടുകയും ആയത് വാങ്ങുന്നതിനിടെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അറസ്റ്റ് ചെയ്യുകയും ആയതിനെത്തുടർന്ന് ജുഡീഷ്യൽ കസ്റ്റഡിയിൽവിടുകയും ചെയ്ത സാഹചര്യത്തിൽ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി സേവനം അനുഷ്ഠിച്ചുവന്ന ശ്രീമതി ബിനിത എസ്. (PEN: 336207)-നെ ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം സസ്പെൻഡ് ചെയ്യുകയും പിന്നീട് 19.09.2023-ലെ Suspension Review

Committee തീരുമാനപ്രകാരം സേവനത്തിൽ പുന:പ്രവേശിപ്പിച്ച് കണ്ണൂർ നടുവിൽ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി നിയമിക്കുകയുമുണ്ടായി. ടിയാൾക്കെതിരെയുള്ള VC 08/2022/MPM വിജിലൻസ് കേസിൽ പരാമർശം (5) പ്രകാരം കുറ്റവിചാരണാനുമതി നൽകിയിട്ടുണ്ട്.

2. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ബിനിത എസ്.-നെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയുള്ള അച്ചടക്കനടപടി ആരംഭിച്ച് ചീഫ് എഞ്ചിനീയർ കുറ്റപത്രം / കുറ്റാരോപണ പത്രിക നൽകുകയും ആയതിന് ടിയാൾ പ്രതിവാദപത്രിക സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. State Service-ലെ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ബിനിത എസ്.-നെതിരെയുള്ള കഠിനശിക്ഷയുള്ള അച്ചടക്കനടപടിയിൽ തുടർനടപടി സ്വീകരിക്കുന്നതിലേക്ക് ടിയാൾക്ക് നൽകിയ കുറ്റപത്രം / കുറ്റാരോപണ പത്രിക, ടിയാളുടെ പ്രതിവാദപത്രിക എന്നീ രേഖകൾ സഹിതം പ്രിൻസിപ്പൽ ഡയറക്ടർ അതേ ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

3. ആയതിനാൽ തുടർനടപടിക്രമങ്ങളുടെ ഭാഗമായി, മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീമതി ബിനിത എസ്.(PEN: 336207)നെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി കോഴിക്കോട് നോർത്ത് സർക്കിൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഉദയൻ കെ.യു. (PEN: 689375)-വിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു. **അന്വേഷണ ഉദ്യോഗസ്ഥൻ ഔപചാരികാന്വേഷണത്തിന്റെ എല്ലാ നടപടിക്രമങ്ങളും പാലിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

1. ശ്രീ. ഉദയൻ കെ.യു. (PEN - 689375), എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോഴിക്കോട് നോർത്ത് സർക്കിൾ
2. ശ്രീമതി ബിനിത എസ്.(PEN: 336207), അസിസ്റ്റന്റ് എഞ്ചിനീയർ, നടുവിൽ ഗ്രാമപഞ്ചായത്ത്, കണ്ണൂർ

   **(1, 2 ത.സ്വ.ഭ.വ. പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
3. ചീഫ് എൻജിനിയർ,എൽ എസ് ജി ഡി
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
5. സ്റ്റോക്ക് ഫയൽ (EWA2/7/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 19-11-2025 13:29:35

സെക്ഷൻ ഓഫീസർ